നാലാംകണ്ടത്തിൽ ഹസ്സനെപ്പറ്റിയുള്ള പരാതി

1784. [2234] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര താലൂക്കിലെ വില്ല്യാപ്പള്ളി പഞ്ചായത്തിലെ കടങ്ങാരം പ്രദേശത്തുള്ള നാലാംകണ്ടത്തിൽ ഹസ്സൻ എന്ന ആൾ കുറ്റ്യാടി പഞ്ചായത്തിലെ ഊരത്തുള്ള കുറ്റിക്കാടിൽ കദീശയെ വിവാഹം കഴിക്കുകയും സ്വത്തുക്കളെല്ലാം കൈവശപ്പെടുത്തി അവരെ വഴിയാധാരമാക്കുകയും ചെയ്തത് സംബന്ധിച്ചു വടകര പോലീസ് അധികൃതർ മുമ്പാകെ പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പ്രശ്നം സംബന്ധിച്ച് പോലീസ് എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയിൻമേൽ വടകര പോലീസ് അന്വേഷണം നടത്തി. പരാതിക്കാരി ശ്രീമതി കദീശ അവരുടെ ഭർതൃ സഹോദരി ജമീലയുടെ വീടിന് മുമ്പിൽ സമാധാനപരമായി സത്യാഗ്രഹം നടത്തിവരികയാണ്. പ്രസ്തുത വസ്തു കദീശയുടെ കൂരച്ചുണ്ടി അമ്മിയാർ മണ്ണിലുള്ള വസ്തു വിറ്റ് വാങ്ങിയതാണ്. പ്രതി ഹസ്സൻ ഒളിവിലാണ്. സത്യാഗ്രഹ സ്ഥലത്ത് സ്ഥിരമായ പോലീസ് പിക്കറ് ഏർപ്പെടുത്തിയിട്ടുണ്ട്. ക്രമസമാധാന പ്രശ്നങ്ങളൊന്നുംതന്നെ ഇതുവരെ ഉണ്ടായിട്ടില്ല.

കോഴിക്കോട് ജില്ലയിലെ കൊലക്കേസ്സുകൾ

1485. [2235] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഒക്ടോബർ 31 വരെ കോഴിക്കോട് ജില്ലയിൽ എത്ര കൊലക്കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ കൊലപാതകക്കേസ്സുകളുടെ പട്ടിക മേശപ്പുറത്ത് വയ്ക്കാമോ ;

(സി) ഇതിൽ പ്രതികളെ ഇനിയും അറസ്റ് ചെയ്യാൻ കഴിയാത്ത കേസ്സുകൾ എത്രയാണെന്നും ഏതൊക്കെയാണെന്നും വെളിപ്പെടുത്താമോ ;

ഉത്തരം

(എ) 84.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പയ്യോളി പോലീസ് സ്റേഷനിലെ ക്രൈം നമ്പർ 93/84, പേരാമ്പ്ര പോലീസ് സ്റേഷനിലെ ക്രൈം നമ്പർ 159/85 കുറ്റ്യാടി പോലീസ്സ്റേഷനിലെ ക്രൈം നമ്പർ 33/85 എന്നീ മൂന്ന് കേസ്സുകളാണ് പ്രതികളെ അറസ്റ് ചെയ്യാൻ കഴിയാത്തവ.

ഇരട്ട കൊലപാതകങ്ങൾ

1486. [2236] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിൻറെ കാലത്ത് 27-10-1986 വരെ എത്ര ഇരട്ട കൊലപാതകങ്ങൾ നടന്നിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) രണ്ടിൽക്കൂടുതൽ പേർ ഒന്നിച്ച് മരിച്ചിട്ടുള്ള എത്ര കേസ്സുകളാണ് നടന്നിട്ടുണ്ട് ;

(സി) ഈ കൊലപാതകങ്ങളിൽ എത്ര സ്ത്രീകളാണ് മരിച്ചു ; എത്ര കുട്ടികളാണ് മരിച്ചു ?

ഉത്തരം

(എ) 79.
(ബി) 21 കേസ്സുകൾ.
(സി) 51 സ്ത്രീകളും 86 കുട്ടികളും മരണപ്പെട്ടിട്ടുണ്ട്.

15-6-1986-നു ശേഷം ഉണ്ടായ പോലീസ് അതിക്രമങ്ങൾ

1487. [2237] ശ്രീ. എ. കെ. പത്മനാഭൻ :
,, കെ. പുരുഷോത്തമൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ :
,, കെ. പി. അരവിന്ദാക്ഷൻ :
,, പി. സി. തോമസ് (കടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 15-6-1986-നു ശേഷം സംസ്ഥാനത്ത് എവിടെയൊക്കെ ലോക്കപ്പ് മർദ്ദനങ്ങൾ നടന്നു ;

(ബി) എവിടെയൊക്കെ ലാത്തിച്ചാർജ്ജുകൾ നടന്നു ;

(സി) എവിടെയൊക്കെ പോലീസ് വെടി വച്ചു ? വെടിവയ്പിന്റെ ഫലമായി എത്രപേർ മരിച്ചു ; എത്രപേർക്ക് പരിക്കേറ്റു ?

ഉത്തരം

(എ) നേമം, കുത്തിയതോട്, മുഹമ്മ എന്നീ പോലീസ് സ്റ്റേഷനുകളിൽ നടന്നതായി പരാതി ഉണ്ടായിട്ടുണ്ട്.

(ബി) വഴി തടയൽ പരിപാടിയുടെ അവസരത്തിൽ കണ്ണൂർ, കാസർകോട്, വടകര, കാരക്കോണം, പാക്കോട്, തൃശ്ശൂർടൗൺ, മൈലൂർ നാവകുമാരപുരം, തൊടുപുഴ കാർമൽ ജംഗ്ഷൻ, കോഴിക്കോട് സിറ്റിയിൽ മുതലക്കുളം എന്നീ സ്ഥലങ്ങളിൽ.

(സി) കണ്ണൂർ, കാസർകോട്, വടകര, നീണ്ടകര, പൊൻകുന്നം, തങ്കമണി എന്നിവിടങ്ങളിൽ വെടി വച്ചു. വെടിവയ്പിൽ 2 പേർ മരിച്ചു. 9 പേർക്ക് പരിക്ക് പറ്റി.

കൊലപാതകങ്ങൾ നടന്ന പോലീസ് സ്റ്റേഷനുകൾ

1488. [2238] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും കൂടുതൽ കൊലപാതകങ്ങൾ നടന്നിട്ടുള്ളത് ഏതു പോലീസ് സ്റ്റേഷൻ അതിർത്തിയിലാണ് ;

(ബി) ഏറ്റവും കുറച്ച് കൊലപാതകം നടന്നത് ഏത് പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ആണ് ;

(സി) ഏറ്റവും കൂടുതൽ കൊലപാതകം നടന്ന സ്റ്റേഷൻ അതിർത്തിയിൽ അപ്രകാരമുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും കരുതൽ നടപടി സ്വീകരിക്കുകയുണ്ടായോ ;

(ഡി) എങ്കിൽ എന്തു നടപടിയെന്നു വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly